(ഡി) ഭൂമി കൈമാറ്റം സംബന്ധിച്ച് റവന്യൂ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകേണ്ടതിനു പകരം ഐ.എച്ച്.ആർ.ഡി. ഡയറക്ടർക്ക് ഭൂമി ഏറ്റെടുക്കാൻ സമ്മതമാണോ എന്നു ചോദിച്ച് കത്ത് പോയിട്ടുണ്ടോ; ആരുടെ പേരിലാണ് ഇത്തരത്തിൽ കത്തയച്ചിരിക്കുന്നത്; ഇത്തരത്തിൽ കത്തയച്ചത് ആര്; ഇതിനിടയാക്കിയ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) ഇപ്പോൾ ഇതു സംബന്ധിച്ച ഫയൽ ആരുടെ കൈവശമാണ് ; ഭൂമി സംബന്ധിച്ച റിപ്പോർട്ട് റവന്യൂ സെക്രട്ടറിക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; അടിയന്തരമായി റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കാനും അധികാര ദുർവിനിയോഗം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) അയിരൂരിൽ IHRD കോളേജിനായി PIP-യുടെ ഉടമസ്ഥതയിലുള്ള സ്ഥലം കൈമാറുന്നത് സംബന്ധിച്ച ഫയൽ ജലവിഭവ (ഐ.ആർ.) വകുപ്പിൽ നിന്നും 7-3-2013-ൽ റവന്യൂ (എ) വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ഭൂമി കൈമാറ്റ ശുപാർശ ലഭ്യമാക്കുന്നതിലേക്കായി ഫയലിനോടൊപ്പം ലഭിച്ച ചീഫ് എഞ്ചിനീയറുടെ (പദ്ധതി വിഭാഗം)17-10-2012-ലെ പി.ജി 2/4140/12-ാം നമ്പർ കത്തും അനുബന്ധ രേഖകളും സഹിതം 19-7-2013-ലെ 13019/എ 1/2013/ റവ നമ്പർ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തരം റിപ്പോർട്ടിനായി പത്തനംതിട്ട ജില്ലാകളക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. കൈമാറേണ്ട സ്ഥലത്തിന്റെ മഹസർ, ബി.ടി.ആർ.-ന്റെ പകർപ്പ്, സ്കെച്ച് മുതലായ രേഖകൾ സഹിതം പത്തനംതിട്ട ജില്ലാ കളക്ടർ, ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന, ഉചിതമായ ശുപാർശയോടെ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്കാണ് സർക്കാർ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നത്. പ്രസ്തുത റിപ്പോർട്ട് ഇതുവരേയും സർക്കാരിന് ലഭിച്ചിട്ടില്ല. ഈ വിഷയം പരിശോധിക്കുന്ന 13019/എ 1/2013 റവ നമ്പർ ഫയൽ 7-3-2013 മുതൽ റവന്യൂ (എ) വകുപ്പിലെ 'എ I' സീറ്റിൽ കൈകാര്യം ചെയ്തു വരുന്നു.

(ഡി&ഇ) വിവരം ശേഖരിച്ചു വരുന്നു.

നിലം നികത്തലും മണലെടുപ്പും തടയുന്നതിന്

102 (4733) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നിലം നികത്തലും മണലെടുപ്പും തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മണലെടുപ്പും നിലം നികത്തലും തടയുന്നതിന് പ്രത്യേക സംഘത്തെ നിയോഗിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ആലപ്പുഴ ജില്ലയിൽ നിലം നികത്തുന്നതിനും മണലെടുക്കുന്നതിനും മണൽ വില്ക്കുന്നതിനും അനുമതി ലഭിച്ച വ്യക്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) അനുമതി നൽകുന്ന ഉദ്യോഗസ്ഥരുടെയും സർക്കാർ വകുപ്പുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) 2008-ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ സെക്ഷൻ 13 പ്രകാരം ജില്ലാ കളക്ടറിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് അനധികൃതമായി പരിവർത്തനം ചെയ്യുന്ന നിലങ്ങൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിന് നിയമാനുസൃത നടപടി സ്വീകരിച്ചു വരുന്നു. ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത നികത്തലുകൾക്കെതിരെ 1967-ലെ KLU ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്. അനധികൃത മണലെടുപ്പ് തടയുന്നതിനായി കളക്ടേറ്റിൽ നാല് സ്ക്വാഡുകൾ രൂപീകരിച്ച് രാപകൽ ഭേദമെന്യേ അനധികൃത മണലെടുപ്പ് നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തി വരുന്നതും നിരവധി വള്ളങ്ങൾ/ വാഹനങ്ങൾ കസ്റ്റഡിയിൽ എടുത്ത് നടപടി സ്വീകരിച്ചു വരുന്നതുമാണ്. ഇത് കൂടാതെ താലൂക്ക് തലത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു.

(സി) ആലപ്പുഴ ജില്ലയിൽ 33 വ്യക്തികൾക്ക് മണൽ ശേഖരിച്ച് വിപണനം നടത്തുന്നതിന് നിലവിൽ ഡീലർ ലൈസൻസുണ്ട്. ഡീലർ ലൈസൻസ് നിലവിലുള്ളവരുടെ വിവരം അനുബന്ധമായി ചേർക്കുന്നു. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമപ്രകാരം വീട് വയ്ക്കാനായി നിലം നികത്താൻ അനുമതി ലഭിച്ചവരുടെ വിവരം ശേഖരിച്ചു വരുന്നു.

(ഡി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമപ്രകാരം പഞ്ചായത്തുകളിൽ 10 സെന്റും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ 5 സെന്റും നികത്തുന്നതിനുള്ള അനുമതി നൽകേണ്ടത് റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായുള്ള ജില്ലാതല അധികൃത സമിതിയാണ്. ആലപ്പുഴ ജില്ലയിൽ ഇതിന്റെ അധികാരി ആലപ്പുഴ റവന്യൂ ഡിവിഷണൽ ഓഫീസറാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly